പതിന്നാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1385 — 02/03/2017 ൽ മറുപടിയ്ക്ക്

## റീസർവ്വെ നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതൊക്കെ വില്ലേജുകളിൽ റീ-സർവ്വെ നടപടികൾ പൂർത്തിയായി എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 884 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. വില്ലേജുകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) റീ-സർവ്വെയർമാരുടെ കുറവ് നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ആധുനിക സാങ്കേതിക വിദ്യയുപയോഗിക്കുന്നതു മൂലം പുതിയ തസ്തികകൾ സൃഷ്ടിക്കാതെ നിലവിലുള്ള സർവ്വേയർമാരുടെ സേവനം പ്രയോജനപ്പെടുത്തി റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ സാധിക്കുന്നതാണ്. |
| (സി) റീ-സർവ്വെ പരാതികൾ പരിഹരിക്കുന്നതിനായി അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (സി) 31/05/2010 ലെ സർക്കാർ ഉത്തരവ് (എം.എസ്സ്) 200/10/റവന്യൂ പ്രകാരം റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ റീസർവ്വേ സംബന്ധിച്ചുള്ള പരാതികൾ തീർപ്പാക്കുന്നതിന് ആരംഭിച്ച എല്ലാ അദാലത്തുകളും നിർത്തലാക്കി അതാതു വില്ലേജുകളിലെ പരാതികളിന്മേൽ നടപടി സ്വീകരിക്കേണ്ട ചുമതല ബന്ധപ്പെട്ട താലൂക്ക് അഡീഷണൽ തഹസീൽദാർക്ക് നൽകി ഉത്തരവായിട്ടുണ്ട്. |
| (ഡി) ഇല്ലെങ്കിൽ അദാലത്തുകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്